(ഡി) നഗരസഭാ കൗൺസിലിന്റെ തീരുമാനമനുസരിച്ച് താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായാണ് നൽകിയിട്ടുള്ളത്.

1. 15 വർഷമോ, കരാർ മറ്റു കാരണങ്ങളാൽ റദ്ദ് ചെയ്യുന്നതുവരേയോ ഏതാണോ കുറവ് അതായിരിക്കും കാലാവധി.

2. പാർക്ക് നഗരസഭയുടെ പേരിൽതന്നെ സംരക്ഷിക്കേണ്ടതും നിർദ്ദിഷ്ട പരസ്യ നികുതി അടയ്ക്കേണ്ടതുമാണ്.

3. വാട്ടർ, ഇലക്ട്രിസിറ്റി ചാർജ്ജുകൾ കാരാറുകാരൻ അടയ്ക്കേണ്ടതാണ്.

4. നഗരസഭയ്ക്ക് എപ്പോൾ വേണമെങ്കിലും കരാർ റദ്ദുചെയ്യാവുന്നതാണ്.

ദേശീയപാതയുടെ സമീപമുള്ള ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

*9 [517] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ സമീപമുള്ള സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഉണ്ട്.

(ബി) ഉണ്ട്. റോഡ് സേഫ്റ്റിയുടെ ഭാഗമായി ദേശീയ പാതയുടെ സമീപമുള്ള സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ ഒരു പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. ദേശീയ പാതയ്ക്ക് സമീപമുള്ള മെഡിക്കൽ കോളേജുകളിലെ അത്യാഹിതവിഭാഗങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ആശുപത്രികളിലെ അത്യാഹിത വിഭാഗങ്ങളിൽ വേണ്ട ഉപകരണങ്ങളും കിടക്കകളും ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 28-6-2004-ൽ 84 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 15 കോടി രൂപയുടെ കേന്ദ്ര സഹായത്തിനായുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly